**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3635** **12-03-2025 - ൽ മറുപടിയ്ക്ക്**

**പോഷക ബാല്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോഷക ബാല്യം പദ്ധതി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | (എ) 2024-25 സാമ്പത്തിക വർഷാരംഭത്തിൽ ലോകസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ഷോർട്ട് ടേം പർച്ചേസ് പ്രകാരം നിലവിലെ നിരക്കിൽ മാറ്റം വരാതെ മുട്ടയും പാലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. പോഷകബാല്യം പദ്ധതി ഒരു തുടർ പദ്ധതി ആയതിനാൽ പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതി പ്രകാരം അങ്കണവാടികളിൽ ആഴ്ചയിൽ 2 ദിവസം മുട്ടയും ആഴ്ചയിൽ 2 ദിവസം പാലും വിതരണം ചെയ്യുന്നതിനായി 32,87,55,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷം പദ്ധതി വിപുലപ്പെടുത്തി ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും വിതരണം ചെയ്യുന്ന രീതിയിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പാൽ, മുട്ട എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും ഇതിന്റെ വിതരണം മുടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | (ബി) 2024-25 സാമ്പത്തിക വർഷാരംഭത്തിൽ ലോകസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ഷോർട്ട് ടേം പർച്ചേസ് പ്രകാരം നിലവിലെ നിരക്കിൽ മാറ്റം വരാതെ മുട്ടയും പാലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. പോഷകബാല്യം പദ്ധതി ഒരു തുടർ പദ്ധതി ആയതിനാൽ പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതി പ്രകാരം അങ്കണവാടികളിൽ ആഴ്ചയിൽ 2 ദിവസം മുട്ടയും ആഴ്ചയിൽ 2 ദിവസം പാലും വിതരണം ചെയ്യുന്നതിനായി 32,87,55,000/- രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷം പദ്ധതി വിപുലപ്പെടുത്തി ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും വിതരണം ചെയ്യുന്ന രീതിയിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 80 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഇവ അങ്കണവാടികളിൽ എത്തിക്കുന്നതിനുള്ള ചെലവ് ആരാണ് വഹിക്കുന്നതെന്ന് വിശദീകരിക്കാമോ? | (സി) | (സി) പദ്ധതി പ്രകാരം മുട്ട, പാൽ എന്നിവ അങ്കണവാടികളിൽ എത്തിക്കുന്നതിനു ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള തുകയാണ് വകുപ്പ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ